SJD/1623/2022-G3

I/54506/2022

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :04-08-2022
Email - swdkerala@gmail.com
Phone - 0471 – 2306040

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും.

വിഷയം:- സാമൂഹ്യ നീതി വകുപ്പ് – **വയോമധുരം പദ്ധതി** 2022-23 – അപേക്ഷകൾ സ്വീകരിക്കുന്നത് – സംബന്ധിച്ച്.

സൂചന :- സ ഉ(സാ ധ) നം.134/2022SJD dt 27/05/2022

സംസ്ഥാനത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രമേഹരോഗികളായ വയോജനങ്ങൾക്ക് രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് നിർണ്ണയിക്കുന്നതിന് സഹായിക്കുന്ന ഗ്ലൂക്കോമീറ്റർ സൗജന്യമായി വിതരണം ചെയ്യുന്ന വയോമധുരം പദ്ധതി 2022-23 സാമ്പത്തിക വർഷവും നടപ്പിലാക്കുന്നതിന് സൂചന ഉത്തരവ് പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പദ്ധതി മാനദണ്ഡങ്ങൾക്ക് വിധേയമായി 60 വയസ്സോ അതിന് മുകളിലോ പ്രായമുള്ള ബി.പി.എൽ വിഭാഗത്തിൽപ്പെട്ട പ്രമേഹരോഗികളായ 1400 പേർക്ക് (25 സ്ട്രിപ്പ് ഉൾപ്പെടെ) ആകെ 1400 എണ്ണം ഗ്ലൂക്കോമീറ്ററുകൾ (ഒരു ജില്ലയ്ക്ക് 100 എണ്ണം വീതം) വിതരണം ചെയ്യുന്നതിനാണ് അനുമതി ലഭ്യമായിരിക്കുന്നത്. ഈ സാഹചര്യത്തിൽ, 2022-23 സാമ്പത്തിക വർഷം ഗ്ലൂക്കോമീറ്ററുകൾ വിതരണം ചെയ്യുന്നതിന് സുനീതി വെബ് പോർട്ടലിലൂടെ അപേക്ഷകൾ സ്വീകരിക്കുന്നതിനായി പത്രമാധ്യമങ്ങളിൽ ഉൾപ്പടെ വ്യാപക പ്രചരണം നൽകുന്നതിനാവശ്യമായ നടപടികൾ എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരും സ്വീകരിക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കുന്നതിന് **2022 സെപ്റ്റംബർ 15** വരെ സമയം അനുവദിക്കാവുന്നതും, അർഹരായ അപേക്ഷകരുടെ വിവരം **2022 സെപ്റ്റംബർ 30** നകം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. മുൻവർഷങ്ങളിൽ ടി പദ്ധതി പ്രകാരം ഗ്ലൂക്കോമീറ്റർ ലഭ്യമായവർക്ക് നടപ്പുവർഷം ഗ്ലൂക്കോമീറ്റർ നൽകേണ്ടതില്ല. ആയത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി

SJD/1623/2022-G3

I/54506/2022